# ശ്ലീഹാകാലം

## വചന വിചിന്തനം

### ശ്ലീഹാകാലം മൂന്നാം ഞായർ

**ലൂക്കാ 10,25-37**

> **"കരുണയുള്ളവർ ഭാഗ്യവാൻമാർ;**
> **അവർക്കു കരുണ ലഭിക്കും" (മത്താ 5,7).**
> **നല്ല സമരിയാക്കാരന്റെ ഉപമ**
> **ഇന്നും മനുഷ്യഹൃദയങ്ങളിൽ ചിരപ്രതിഷ്ഠ നേടിയിട്ടുണ്ടെങ്കിൽ**
> **അതിനുള്ള കാരണം,**
> **അവന്റെ അനുകമ്പയും ആർദ്രതയും കരുണയുമാണ്!**

"കരുണയുടെ സുവിശേഷം" എന്നറിയപ്പെടുന്ന വി.ലൂക്കയുടെ സുവിശേഷത്തിൽ മാത്രം രേഖപ്പെടുത്തിയിരിക്കുന്ന ഏറ്റവും സുന്ദരമായ ഉപമകളിൽ ഒന്നാണ് "നല്ല സമരിയാക്കാരൻെറ ഉപമ..." കർത്താവ് പറഞ്ഞത് സമരിയാക്കാരന്റെ ഉപമയാണ്. എന്നാൽ, നാം അതിനെ നല്ല സമരിയാക്കാരന്റെ ഉപമ എന്നു പേർ നൽകി വിളിക്കുന്നുണ്ടെങ്കിൽ അതിനുള്ള കാരണം സമരിയാക്കാരൻ നല്ലതുചെയ്തു എന്നുള്ളത് മാത്രമാണ്. ചുരുക്കത്തിൽ, അപ്പൻ നല്ലതു ചെയ്യുമ്പോൾ നല്ല അപ്പനാകുന്നു... അമ്മ നല്ലതു ചെയ്യുമ്പോൾ നല്ല അമ്മയാകുന്നു... മക്കൾ നല്ലതു ചെയ്യുമ്പോൾ നല്ല മക്കളാകുന്നകു... അയൽക്കാർ നല്ലതു ചെയ്യുമ്പോൾ നല്ല അയൽക്കാരാകുന്നു... നല്ലതു ചെയ്യുന്നവരെല്ലാം നല്ല വ്യക്തികളായിരിക്കും!

ക്രിസ്തുവിനെ പരീക്ഷിക്കാൻ നിയമജ്ഞൻ ചോദിക്കുന്ന ചോദ്യമാണ്; "ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?" ഇതിന് ക്രിസ്തുവിന്റെ മറുപടി - കരുണ കാണിക്കുക എന്നതാണ്

ഒരു നിയമജ്ഞൻ എഴുന്നേറ്റു നിന്ന് ക്രിസ്തുവിനെ പരീക്ഷിക്കുവാൻ ചോദിക്കുന്ന ചോദ്യമാണ് നല്ല സമരിയാക്കാരന്റെ ഉപമയുടെ സന്ദർഭം. നിയമജ്ഞൻ ചോദിക്കുന്ന ചോദ്യം ഏവരും ഈലോകജീവിതത്തിൽ ദൈവത്തെ കണ്ടുമുട്ടുകയാണെങ്കിൽ ചോദിക്കാൻ ആഗ്രഹിക്കുന്നു ചോദ്യമാണ്.

"ഗുരോ, നിത്യജീവൻ അവകാശമാക്കാൻ ഞാൻ എന്തു ചെയ്യണം?"

ഹ്രസ്വമായ ഈലോകജീവിതം അനുഗ്രഹപ്രദമാക്കിയെങ്കിൽ മാത്രമാണ് സ്വർഗ്ഗരാജ്യം സ്വന്തമാക്കാൻ സാധിക്കുകയെന്ന് നമ്മുക്ക് എല്ലാവർക്കും അറിയാവുന്ന ഒന്നാണ്. പക്ഷെ, എങ്ങനെയാണ് ഹ്രസ്വമായ ഈലോകജീവിതം അനുഗ്രഹപ്രദമാക്കുകയെന്ന് മാത്രമാണ് പലപ്പോഴും നമ്മുക്ക് അറിയാത്തത്. അറിയാത്തതിനുള്ള കാരണം വചനത്തിന്റെ പൊരുൾ മനസിലാക്കുന്നതിൽ തോറ്റുപോകുന്നതുകൊണ്ടാണ്. നിയമജ്ഞന്റെ ചോദ്യത്തിന് ക്രിസ്തുവിന്റെ ഉത്തരം മറുചോദ്യമാണ്;

"നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു?"

ചുരുക്കത്തിൽ, നിത്യജീവൻ സ്വന്തമാക്കാൻ ക്രിസ്തു പറഞ്ഞുതരുന്ന ഉപായം "നിയമം അനുസരിച്ച് ജീവിക്കുക" എന്നുള്ളത് മാത്രമാണ്. വചനഭാഗത്തിലൂടെ ക്രിസ്തു അടിവരയിട്ട് ഉറപ്പ് തരുന്നു, വചനം, നിയമം അനുസരിച്ച് ജീവിക്കുന്നവരെല്ലാം നിത്യജീവൻ സ്വന്തമാക്കും എന്ന്. നിയമത്തിൽ എന്ത് എഴുതിയിരിക്കുന്നു? നീ എന്തു വായിക്കുന്നു? എന്ന ചോദ്യത്തിന് നിയമജ്ഞൻ ഉത്തരം നൽകി;

"നീ നിൻെറ ദൈവമായ കർത്താവിനെ, പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണമനസ്സോടുംകൂടെ സ്നേഹിക്കണം; നിൻെറ അയൽക്കാരനെ നിന്നെപ്പോലെയും."

നിയമജ്ഞന്റെ ഉത്തരം നൂറിൽ നൂറുമാർക്കും സ്വന്തമാക്കാവുന്ന ഉത്തരമാണ്. ഇതിൽ

സന്തുഷ്ടനായ ക്രിസ്തു അവനെ സ്നേഹപൂർവ്വം അടുത്ത് വിളിച്ചു പറഞ്ഞു;

"നീ ശരിയായിത്തന്നെ ഉത്തരം പറഞ്ഞു. ഇതനുസരിച്ചു പ്രവർത്തിക്കുക; നീ ജീവിക്കും."

നിത്യജീവൻ സ്വന്തമാക്കാൻ രണ്ട് കാര്യങ്ങളാണ് വചനത്തിന്റെ പൊരുൾ സമ്മാനിക്കുന്നത്. ഒന്ന്, ദൈവത്തെ കുറിച്ചാണെങ്കിൽ (നീ നിൻെറ ദൈവമായ കർത്താവിനെ, പൂർണഹൃദയത്തോടും പൂർണാത്മാ വോടും പൂർണ ശക്തിയോടും പൂർണമനസ്സോടും കൂടെ സ്നേഹിക്കണം), രണ്ട്, സഹോദരങ്ങളെ കുറിച്ചാണ് (നിൻെറ അയൽക്കാരനെ നിന്നെപ്പോലെയും). നിത്യജീവൻ സ്വന്തമാക്കാൻ ദൈവത്തെ എല്ലാം മറന്ന് സ്നേഹിക്കുമ്പോൾ സഹോദരങ്ങളെ നിന്നെ നീ എന്തുമാത്രം സ്നേഹിക്കുന്നുണ്ടോ, അതിനേക്കാൾ അധികമായി സ്നേഹിക്കണം എന്ന് ക്രിസ്തു പഠിപ്പിക്കുന്നു. "മറിയം വഴി ക്രിസ്തുവിലേയ്ക്ക്" എന്നു പറയുന്നതുപോലെ "സഹോദരങ്ങൾ വഴി നിത്യജീവനിലേയ്ക്ക്" എന്നുള്ള 'ഫോർമുല' ക്രിസ്തു സമ്മാനിക്കുകയാണ് "നല്ല സമരിയാക്കാരന്റെ ഉപമയിലൂടെ.

സഹോദരങ്ങളുടെ നന്മയ്ക്കും അഭിവൃദ്ധിക്കും വേണ്ടി അദ്ധ്വാനിക്കണം എന്ന് ക്രിസ്തു "നല്ല സമരിയാക്കാരന്റെ ഉപമ"യിലൂടെ പഠിപ്പിക്കുമ്പോൾ "നമ്മുടെ സ്വാർത്ഥയ്ക്കും, സന്തോഷത്തിനും, അഭിവൃദ്ധിക്കും വേണ്ടി സഹോദരങ്ങളെ എങ്ങനെ ഉപയോഗിക്കാം" എന്ന് ചിന്തിക്കുന്നവരാണ് ബഹുഭൂരിപക്ഷവും. പലപ്പോഴും മനുഷ്യർ വസിക്കുന്നത് സ്വാർത്ഥതയുടെ തുരുത്തുകളിലാണ്. അവിടെ സഹോദരന്റെ സുഖവും, സന്തോഷവും, നന്മയും, അഭിവൃദ്ധിയും നമ്മുടെ വിഷയമല്ല. "ഞാൻ വേദനിച്ചാലും എന്റെ പ്രിയപ്പെട്ടവർ വേദനിക്കരുത്" എന്ന ചിന്ത "മറ്റുള്ളവർ വേദനിച്ചാലും എനിക്ക് സുഖിക്കണം" എന്നുള്ള ചിന്തയിലേയ്ക്ക് വഴിമാറിയിരിക്കുന്നു.

*ദൈവത്തെ സ്നേഹിക്കേണ്ടത് പൂർണഹൃദയത്തോടും പൂർണാത്മാവോടും പൂർണ ശക്തിയോടും പൂർണമനസ്സോടുംകൂടെയാണ്...*

സന്ധ്യാ സമയത്ത് ഒരു കടക്കാരൻ കടയടച്ച് പോകാൻ നിൽക്കുമ്പോൾ ഒരു നായ ഒരു സഞ്ചിയും കടിച്ച്പിടിച്ച് കടയിലേക്ക് കയറി വന്നു. നോക്കിയപ്പോൾ സഞ്ചിയിൽ വാങ്ങേണ്ട സാധനങ്ങളുടെ ലിസ്റ്റും പൈസയും ഉണ്ടായിരുന്നു. കടക്കാരൻ പൈസയെടുത്ത് സാധനങ്ങൾ സഞ്ചിയിൽ ഇട്ടുകൊടുത്തു. നായ സഞ്ചി കടിച്ച്പിടിച്ച് നന്നു പോയി. കടക്കാരൻ ആശ്ചര്യചകിതനായി... ഇത്രയും ബുദ്ധിമാനായ ഈ നായയുടെ യജമാനൻ ആരാണെന്ന് അറിയാൻ ആഗ്രഹിച്ചു. അയാൾ കടയടച്ച് അതിന്റെ പിന്നാലെ പോയി. നായ അടുത്തുള്ള ബസ് സ്റ്റോപ്പിൽ നിൽക്കുന്നുണ്ടായിരുന്നു. കുറച്ചു കഴിഞ്ഞപ്പോൾ ഒരു ബസ് വന്നുനിന്നു നായ അതിൽ കയറി.

കണ്ടക്ടറുടെ അടുത്തെത്തിയപ്പോൾ കഴുത്ത് നീട്ടി കാണിച്ചു, കഴുത്തിലെ ബൽറ്റിൽ അഡ്രസ്സും പൈസയും ഉണ്ടായിരന്നു. കണ്ടക്ടർ ബാക്കി പൈസയും ടിക്കറ്റും ബൽറ്റിൽ തന്നെ തിരുകിവച്ചു. തന്റെ സ്റ്റോപ്പ് അടുത്തപ്പോൾ നായ മുന്നിലെ വാതിലിന്റെ അടുത്തേക്കു നടന്നു. വാലാട്ടികൊണ്ട് തനിക്കിറങ്ങണമെ് കാണിച്ചു, ബസ് നിൽക്കുതിനോടൊപ്പം തന്നെ നായ ഇറങ്ങി നടന്നു. കടക്കാരനും പിാലെ...പിന്നാലെ നടന്നു...

വീട്ടിലെത്തിയ നായ മുൻകാലുകൾ കൊണ്ട് വാതിലിൽ 2..3...പ്രാവശ്യം തട്ടി. അപ്പോൾ, വാതിൽ തുറന്ന് യജമാനൻ വന്നു. കൈയ്യിലെ വടികൊണ്ട് പൊതിരെ തല്ലി. ഇത് കണ്ട കടക്കാരൻ അദ്ദേഹത്തോട് ചോദിച്ചു;

"എന്തിനാണ് പട്ടിയെ തല്ലുന്നത്?" ഇത്രയും അനുസരണവും വിവേചനശക്തിയുമുള്ള പട്ടിയെ തല്ലുന്നത് ശരിയല്ല എന്ന് അദ്ദേഹം പറഞ്ഞു.

കടക്കാരന്റെ വക്ക്ശരങ്ങൾ കഴിഞ്ഞപ്പോൾ പട്ടിയുടെ യജമാനൻ പറഞ്ഞു;

"ഈ പട്ടി എന്റെ ഉറക്കം കെടുത്തി. വാതിലിന്റെ താക്കോൽ കൂടെ കൊണ്ടുപോകാമായിരുന്നില്ലെ?"

ഇത്രയും സഹായം ചെയ്ത പട്ടിക്ക് നന്ദി പറയേണ്ടതിനു പകരം യജമാനൻ പറയുകയാണ്, താക്കോൽ കൂടി കൊണ്ടു പോകാമായിരുന്നില്ലേ എന്ന്! ജീവിത്തിന്റേയും

സത്യാവസ്ഥ ഇതു തന്നെയാണ്. നമ്മൾ ഓരോരുത്തരിലുമുള്ള ആളുകളുടെ പ്രതീക്ഷ അവസാനമില്ലാത്തതാണ്. ഒരു ചുവട് പിഴച്ചാൽ നമ്മൾ കുറ്റക്കാരായി. അതുവരെ നമ്മൾ ചെയ്ത നന്മയും, നല്ലകാര്യങ്ങളും സൗകര്യപൂർവ്വം മറുകളയും. അതുകൊണ്ട്, നല്ലകാര്യങ്ങൾ ചെയ്തുകൊണ്ടേയിരിക്കുക. ആരും ആരേയും ബോധ്യപ്പെടുത്താൻ ശ്രമിക്കാതെ ദൈവത്തെ ബോദ്ധ്യപ്പെടുത്താൻ ശ്രമിച്ചു കൊണ്ടിരിക്കുക. "കാരുണ്യം" അത് മാത്രമാണ് ദൈവം ആഗ്രഹിക്കുന്നത്.

"ആരാണ് എന്റെ അയൽക്കാരൻ?" (ലൂക്കാ 10,29) എന്ന നിയമജ്ഞന്റെ ചോദ്യത്തിന് ക്രിസ്തു നൽകുന്ന ഉപമയിലൂടെയുള്ള മറുപടി "ആരായിരിക്കണം നല്ല അയൽക്കാരൻ" എന്നാണ്. അനുദിന ജീവിതത്തിൽ ബഹുഭൂരിപക്ഷത്തിനും സംഭവിക്കുന്ന പ്രശ്നം ഇത് തന്നെയാണ്; "ആരാണ് എന്റെ അയൽക്കാരൻ?" എന്നന്വേഷിച്ചു കൊണ്ട് നാം നടക്കുകയാണ്. ഇതിന് വിപരീതമായി, "എനിക്ക് എങ്ങനെ നല്ല അയൽക്കാരനാകാം" എന്ന് അന്വേഷിച്ചു വരുന്നവരുടെ എണ്ണം അനുദിനം കുറഞ്ഞുകൊണ്ടു വരുന്നു. നിത്യജീവൻ സ്വന്തമാക്കാൻ അവശ്യം വേണ്ട നന്മ; "നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക" എന്നുള്ളതാണ്. നിന്റെ അയൽക്കാരനെ നിന്നെപ്പോലെ സ്നേഹിക്കുക എന്ന ക്രിയയ്ക്ക് ഞാൻ അന്വേഷിക്കേണ്ട ചോദ്യം "ആരാണ് എന്റെ അയൽക്കാരൻ?" എന്നല്ല. മറിച്ച്, "എനിക്ക് എങ്ങനെ നല്ല അയൽക്കാരനാകാം" എന്നുള്ളതാണ്. ഇത് തന്നെയാണ്, വിജാതിയനായ സമരിയാക്കാരനെ "നല്ല സമരിയാക്കാരൻ" ആക്കുന്നത്.



യഹൂദരായിട്ടുള്ള പുരോഹിതനും ലേവായനും നല്ല അയൽക്കാരായി വർത്തിച്ചില്ല. അതുകൊണ്ട് തന്നെ അവർക്ക് നിത്യജീവൻ സ്വന്തമാക്കാനും സാധിച്ചില്ല. ഇവിടെ, നിത്യജീവൻ സ്വന്തമാക്കാൻ സാധിക്കാത്ത വിധത്തിൽ യഹൂദരായിട്ടുള്ള പുരോഹിതനും ലേവായനും എന്തു അപരാധമാണ് ചെയ്തത്? ഇവർ ഏതെങ്കിലും വിധത്തിലുള്ള പാപങ്ങൾ ചെയ്യുന്നുണ്ടോ? പ്രത്യക്ഷത്തിൽ ഇല്ലാ എന്ന് നമ്മുക്ക് തോന്നാം. പക്ഷെ, ഇവർ ചെയ്യുന്ന പാപം ഉപേക്ഷയാലുള്ള പാപമാണ്. നമ്മുക്ക് നാല് വിധത്തിൽ പാപങ്ങൾ ചെയ്യാം, 1. വിചാരത്താൽ, 2. വാക്കാൽ, 3. പ്രവർത്തിയാൽ, 4. ഉപേക്ഷയാൽ. യഹൂദരായിട്ടുള്ള പുരോഹിതനും ലേവായനും ചെയ്യുന്ന പാപം നാലാമത്തെ കൂട്ടത്തിലുള്ളതാണ് – ഉപേക്ഷയാൽ. ഉപേക്ഷയാൽ നാം ചെയ്യുന്ന പാപങ്ങൾ സ്വർഗ്ഗരാജ്യം സ്വന്തമാക്കുന്നതിന് തടസ്സമാകാം.

**"ചെയ്യേണ്ട നൻമ ഏതാണെന്നറിഞ്ഞിട്ടും
അതു ചെയ്യാതിരിക്കുന്നവൻ
പാപം ചെയ്യുന്നു"**

യാക്കോ 4,17

---

ഫാ. ജോബി മേനോത്ത്
+91 9447777931